മിസ്റ്റർ പി. ടി ജേക്കബ്ബ്: അവിടെ മൂന്നുവാല കുടുംബങ്ങൾ മാത്രമേയുള്ളു. ആ മൂന്നു കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടിവരുമെന്നുള്ള കാരണത്തിന്മേൽ ഇതുപോലെയുള്ള ഒരു പൊതു ആവശ്യം അനുവദിച്ചു കൊടുക്കാത്തതു എന്തുകൊണ്ടാണു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പ്ലേഗ്രൗണ്ടിന്റെ ആവശ്യവും, ഈ കുടി ഒഴിപ്പിക്കുന്ന കാര്യവും താരതമ്യപ്പെടുത്തി നോക്കിയതിൽ കുടി ഒഴിപ്പിക്കുന്ന കാര്യം അക്രമമാണെന്നു തോന്നിയതുകൊണ്ടാണു ഇങ്ങിനെ ചെയ്തതു.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: പത്തുപതിമൂന്നു ഏക്കർ സ്ഥലം പള്ളുരുത്തി വില്ലേജിലും, രാമേശ്വരം വില്ലേജിലും കുടി വാലന്മാക്കു കോളനിക്കുവേണ്ടി എടുക്കുവാൻ ഗവണ്മെണ്ടു് ആലോചിക്കുമ്പോൾ ഈ മൂന്നു കുടുംബങ്ങളുടേയും രക്ഷയ്ക്കു എന്നു പറഞ്ഞു് ഈ പൊതു ആവശ്യം നിഷേധിക്കുന്നതു് ശരിയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ശരിയല്ല. എങ്കിലും കുടിപാപ്പു് ഒഴിപ്പിച്ചു കളിക്കുവാൻ സ്ഥലം കൊടുക്കുന്നതും ശരിയല്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പ്ലേഗ്രൗണ്ടിനു് വേറെ വല്ല വഴിയും കണ്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൂടുതൽ വിലയ്ക്കു വാങ്ങുവാൻ ഉദ്ദേശിച്ചതു് അതുകൊണ്ടാണു്.

മിസ്റ്റർ പി. കെ. ഡീവർ: സെൻറിനു് 8 ൽ 8 ക. യെന്നു് പറയുന്നതു് മട്ടാഞ്ചേരിയിലെ സ്ഥിതിക്കു അധികമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ ഇതേവരെ വസ്തുക്കളൊന്നും വാങ്ങിക്കുകയുണ്ടായിട്ടില്ല. അതുകൊണ്ടു് അതിനെപ്പറ്റി അഭിപ്രായം പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വേണമെങ്കിൽ അന്വേഷിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: ഈ കോൺവെൻറിന്റെ വടക്കുവശം തന്നെ ഒരു ഏക്കറോളം സ്ഥലം ഒഴിഞ്ഞു കിടക്കുന്നതു് എടുക്കാത്തതു് ഒരു ധനികന്റെതായതുകൊണ്ടാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എനിക്കു് നേരിട്ടു അറിവില്ല. ബഹുമാനപ്പെട്ട മെമ്പർമാർ പറയുന്നതു് വിശ്വസിക്കാം.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഗവണ്മെണ്ടിൽനിന്നു് ഇതിനു് പ്രത്യേകം ഒരന്വേഷണം നടത്താമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്താണു് അന്വേഷിക്കേണ്ടതെന്നു് പറഞ്ഞാൽ അന്വേഷിക്കാം.

മിസ്റ്റർ പി. ജേക്കബ്ബ്: കുറച്ചുസ്ഥലം മാത്രമേ അവിടെ ഇനി എടുക്കുവാനുള്ളു. ആ സ്ഥലം അവർ കൊടുത്തിട്ടില്ല. അതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ലാൻറു് അക്വസിഷനെപ്പറ്റി വീണ്ടും ഒരന്വേഷണം വരികയാണെങ്കിൽ അപ്പോൾ അന്വേഷിക്കാം.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഇതിനു മുമ്പുള്ള അന്വേഷണ റിപ്പോർട്ടുകളെല്ലാം ജനകീയ മന്ത്രിമാർ ഭരണം ഏറ്റെടുത്തതിനു് ശേഷമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ വരുന്നതിനു് മുമ്പാണെന്നാണു് തോന്നുന്നതു്. തീച്ചപറയണമെങ്കിൽ നോട്ടീസ്സു് വേണം.

SPECIAL ALLOWANCE—RADIUM, ETC. BRANCHES OF THE MEDICAL DEPARTMENT

135 മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

മെഡിക്കൽ വകുപ്പിൽ പ്രായേണ സുരക്ഷിതമല്ലാത്ത റേഡിയം, എക്സ്റേ, ലാബോറട്ടറി, ക്ഷയരോഗ ക്ലിനിക്കു്, വി. ഡി. എന്നീ ശാഖകളിൽ ജോലിചെയ്യുന്നവർക്കു വല്ല പ്രത്യേക അലവൻസും കൊടുക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ :

എക്സറെയും, റേഡിയവും ഒഴിച്ചു് മറെറാന്നിലും അസാധാരണമായ അപകടമൊന്നുമില്ല. എന്നാൽ ക്ഷയരോഗ ക്ലിനിക്കിലും, എക്സറെയിലും താഴെപറയുന്നവക്കു അലവൻസ് കൊടുക്കുന്നുണ്ടു്.

ക്ഷയരോഗ ക്ലിനിക്കു്, തുടിവപേരൂർ

ചീഫ് ടി. ബി. ഓഫീസർ	ഫ ൦ ൦ക.	P. M.
അസിസ്റ്റണ്ടു് സർജ്ജൻ	@ ൦ക.	,,
സബ്ബ്അസിസ്റ്റണ്ടു് സർജ്ജൻ	൪ ൦ക.	,,
ലാബറട്ടറി അസിസ്റ്റണ്ടു്	൨ @ക.	,,

എക്സറെ

എക്സറെയിൽ പിരിയുന്ന പണത്തിന്റെ അമ്പത് ശതമാനം അവിടെ ജോലിചെയ്യുന്നവക്കു് വീതിച്ചു കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. എ. രാഘവൻ : ഈ @ ൦ ശതമാനം വീതിച്ചു കൊടുക്കുന്ന ഒരു പതിവു് ഇൻഡ്യയിൽ മറെറവിടെയെങ്കിലുമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ : ഉണ്ടായിരുന്നു. അതു് തീർച്ചയാണു്. ഇപ്പോൾ ഉണ്ടോയെന്നു് ചോദിച്ചറിഞ്ഞിട്ടില്ല. മദ്രാസ്സിലില്ല.

മിസ്റ്റർ പി. കെ. ഡീവർ : മദ്രാസ്സിൽ ഇതു് എടുത്തു കളഞ്ഞുസ്ഥിതിക്കു് ഇവിടേയും എടുത്തു കളഞ്ഞുകൂടെ?

റാവുബഹദൂർ ടി. കെ. നായർ : ഇതിനെപ്പററി ഗൌരവമായി ആലോചിച്ചു വരുന്നുണ്ടു്. അതിനെപ്പററി എന്താണു് ചെയ്യേണ്ടതെന്നു് ആലോചനയിലിരിക്കുന്ന ഒരു ഘട്ടമാണു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : സാധാരണ ബ്രിട്ടീഷിൻഡ്യയിൽ നടക്കുന്ന നിയമങ്ങളെല്ലാം ഇവിടെ കണ്ണുമടച്ചു് പകർത്തുകയല്ലെ ചെയ്യുന്നതു്?

റാവുബഹദൂർ ടി. കെ. നായർ : നാട്ടുകാരെ പൊതുവെ ബാധിക്കുന്ന ഒരു സംഗതി ഗവമ്മേണ്ടു് തീരുമാനം ചെയ്യുന്ന അവസരത്തിൽ, മറെറ സ്ഥലങ്ങളിൽ നടപ്പുള്ളതിനെ അനേഷിച്ചു അതു് ഇവിടത്തെ സ്ഥിതിക്കു് പറഞ്ഞതാണെങ്കിൽ അതു ഇവിടെ നടപ്പാക്കുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് അവിടെ നടക്കുന്നതു് ഇവിടെ പകർത്തികൊള്ളണമെന്നില്ല. അവിടെ നടക്കുന്നതു് ഇവിടെ പകർത്തുന്നതു് നല്ല കാര്യമാണെങ്കിൽ അതുകൊണ്ടു് യാതൊരു ദോഷവുമില്ല.

മിസ്റ്റർ പി. കെ. ഡീവർ : ഇതു് നടപ്പാക്കുവാൻ താമസമുണ്ടെങ്കിൽ അഡ്വൈസറി കമ്മറിറിയോടു് ഒന്നു് ചോദിച്ചുകൂടെ?

റാവുബഹദൂർ ടി. കെ. നായർ : എങ്ങിനെ വേണമെന്നുള്ളതു് ഞങ്ങളുടെ ആലോചനയിലിരിക്കുകയാണു്. പോരെങ്കിൽ അഡ്വൈസറി കമ്മിറിറിക്കു് ഒരു റസിലൂഷൻ കൊണ്ടുവന്നു് പാസ്സാക്കുവാൻ അധികാരമുണ്ടല്ലോ?

മിസ്റ്റർ പി. മാണി : ടി. ബി. പേഷ്യൻസിനെ ചികിത്സിക്കുന്നവക്കു് അലവൻസ്സു് കൊടുക്കുവാൻ ഗവമ്മേണ്ടുദ്ദേശിക്കുന്നതു് അതൊരു പകച്ചു് വ്യാധിയാണെന്നുള്ളതു കൊണ്ടാണോ?

റാവുബഹദൂർ ടി. കെ. നായർ : അതുകൊണ്ടായിരിക്കണം.

മിസ്റ്റർ പി. മാണി : ഈ അലവൻസ്സു് ഇങ്ങിനെയുള്ള ആശുപത്രികളിൽ ജോലി ചെയ്യുന്ന നേഴ്സുമാക്കും മറെറ ജോലിക്കാക്കും കൊടുക്കുന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ : പത്തുറുപ്പികവീതം കൊടുക്കുന്നുണ്ടു്. അവരുടെ ശമ്പളം രൂ ൦—൩൦ ക. യാണു്. ഇതിനു് പുറമെ ഈ പത്തുറുപ്പികയും കൊടുക്കുന്നുണ്ടു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു് : നെഴ്സുമാർ കൂടാതെ അവിടെ ജോലി നോക്കുന്ന attenders-നു അലവൻസു് കൊടുക്കാറുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ : ഇല്ലെന്നാണു് തോന്നുന്നതു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു് : രോഗങ്ങൾ ഡയഗണൈസു് ചെയ്യുന്ന ഒരു വിദഗ്ദ്ധനുണ്ടു്. Bacteriologist അദ്ദേഹത്തിനു ഈ പകർച്ചവ്യാധിയെ സംബന്ധിച്ചു് അപകടമില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ : ടി. കെ. നായർ : ഇല്ലെന്നാണ് അഭിപ്രായം.

മിസ്റ്റർ പി. മാണി: T. B. ക്ലിനിക് മുതലായ സ്ഥലങ്ങളിൽ പണിയെടുക്കുന്ന അറൻന്റേറഴ്സിനും അതുപോലെയുള്ള കീഴ്ജീവനക്കാക്കും ഈ സുഖക്കേട് പകരാമെന്നുള്ളതുകൊണ്ട് ഈ അലവൻസ് അവക്കും കൊടുക്കേണ്ടതല്ലെ?

റാവുബഹദൂർ ടി. കെ. നായർ : അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. ശങ്കരമേനോൻ : ഈ കാര്യത്തെക്കുറിച്ച് ഓണററിവിസിറേറഴ്സ് ചിലതൊക്കെ എഴുതി അയച്ചതായി അറിയാമൊ?

റാവുബഹദൂർ ടി. കെ. നായർ : ഓണററിവിസിറേറഴ്സ് പലതും എഴുതി അയക്കാറുണ്ട്. അതെന്താണെന്ന് ഇപ്പോൾ ഓർക്കുന്നില്ല.

മിസ്റ്റർ ജോസ് കെ. വള്ളിസ്സ് : പലതും എഴുതി അയക്കാറുണ്ടെന്നു പറഞ്ഞുവല്ലൊ. അതിൽ ഏതെങ്കിലും ചെയ്തിട്ടുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ : അതിൽ ഏതാണ് ആദ്യം ചെയ്യേണ്ടതെന്ന് ആലോചനയിൽ ഇരിക്കുകയാണ്. ഇതെല്ലാം ഒന്നിച്ചു ചെയ്യണമെന്നു വെച്ചാൽ അസാദ്ധ്യമാണ്.

മിസ്റ്റർ പി. കെ. ഡീവർ. മദ്രാസ്സിൽ Bacterislogist-നു വല്ല അലവൻസും ഉണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ : ഇല്ലെന്നാണ് അറിവ്.

INDUSTRIAL POLICY OF GOVERNMENT

136. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്ത് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് മറുപടി പറയുമൊ.—

(എ) കൊച്ചിരാജ്യത്തെ ഇൻഡസ്ട്രിയൽ പോളിസി ചുരുക്കത്തിൽ പറയുവാൻ ദയവുണ്ടാകുമൊ ;

(ബി) പത്തുകൊല്ലകാലത്തിന്നിടക്ക് എത്ര വമ്പിച്ച കൈതൊഴിൽ ശാലകൾ കൊച്ചിയിൽ പ്രവർത്തനം തുടങ്ങിച്ചിട്ടുണ്ട് ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) കൊച്ചിയിലെ ഇൻഡസ്ട്രിയൽ പോളിസി ഇൻഡസ്ട്രിയൽ ഡവലപ്പ്മെണ്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ ഗവൺമെണ്ട് പാസ്സാക്കിയ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) (പേപ്പ എണ്ണം) അവയുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(Appendix C.)

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്ത് : പാസാക്കിയതിൽ വല്ലതും ചെയ്തിട്ടുണ്ടൊ? ഗവൺമ്മേണ്ടിന്റെ policy കാരണമാണൊ കൊച്ചി രാജ്യത്തു മേജർ ഇൻഡസ്ട്രീസ് ഒന്നും സ്ഥാപിക്കാത്തത്?

മിസ്റ്റർ സി. ആർ ഇയ്യുണ്ണി : ഗവൺമ്മേണ്ടിൽനിന്നും പണം ചിലവുചെയ്ത് വലിയ ഫാക്ടറീസ് തുടങ്ങണമെന്ന് ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടില്ല. ജനങ്ങൾ തുടങ്ങുന്നതായാൽ ഗവൺമ്മേണ്ടിൽനിന്ന് എന്തൊക്കെ സഹായം ചെയ്യാൻ സാധിക്കുമോ, അതൊക്കെ ചെയ്തുകൊടുക്കുന്നതുമാണ്. ഇതിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരം ആ റിപ്പോർട്ടിന്മേൽ ഗവൺമ്മേണ്ട് പാസ്സാക്കീട്ടുള്ള ഉത്തരവുകൊണ്ട് വളരെ വ്യക്തമാക്കീട്ടുള്ളതാണ്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്ത്: നമ്മുടെ അയൽ രാജ്യമായ തിരുവിതാംകൂറിൽ കൂടുതൽ കമ്പനികൾ സ്ഥാപിക്കാനിടയായിട്ടുണ്ട്. അതുപോലെ ഇവിടെ ഒന്നും ചെയ്യുകാണുന്നില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: തിരുവിതാംകൂറിൽ കമ്പനികൾ പലതും തുടങ്ങീട്ടുള്ളതു ശരിയാണ്. അവിടെ തുടങ്ങിട്ടുള്ള കമ്പനികൾ നേരിട്ട നടത്തുന്നതല്ല. പുറമെനിന്നു വരുന്നവരെ ഗവൺമ്മേണ്ട് സഹായംചെയ്ത് പരിപോഷിപ്പിക്കുന്നതല്ലാതെ അവിടെ ഗവൺമ്മേണ്ട് നേരിട്ട നടത്തുന്ന കമ്പനികൾ ഇല്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്ത്: കൊച്ചിയിൽ Foreign capitalists വരാതിരിക്കുന്നതിനാൽ കൊച്ചിയിലെ Industrial policy യിൽ എന്തോ തെറ്റുണ്ടെന്നോ പോരായ്മയുണ്ടെന്നോ അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly